**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നം.5415** **18/11/2019-ൽ മറുപടിയ്ക്ക്**

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.ശർമ്മ<br>ശ്രീ.പി.വി.അൻവർ<br>ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.ഐ.ബി.സതീഷ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അപ്രതീക്ഷിതമായി കാണപ്പെട്ട നിപ വൈറസിന്റെ വ്യാപനം ഫലപ്രദമായി തടയാൻ കഴിഞ്ഞ സാഹചര്യത്തിൽ ഇത്തരം പ്രശ്നങ്ങളെ സമയബന്ധിതമായി നേരിടാൻ സാധിക്കുന്ന വിധത്തിൽ തോന്നയ്ക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി പ്രവർത്തനസജ്ജമാക്കുവാൻ എന്തെല്ലാം സത്വരനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി പ്രവർത്തനസജ്ജമാക്കുവാൻ സ്വീകരിച്ച നടപടികൾ അനുബന്ധം I -ൽ കണ്ടാലും; |
| (ബി) | മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് ഇതിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്; |
| (സി) | പ്രസ്തുത വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ രോഗനിർണയത്തിനുള്ള ഉപകരണങ്ങൾ സജ്ജമാക്കിയിട്ടുണ്ടോ; | (സി) | ഉപകരണങ്ങൾ സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ഇതിന്റെ അഡ്വൈസറായി ആരെയാണ് നിയോഗിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | | ഡോ.വില്യം ഹാൾ, ഡയറക്ടർ, സെന്റർ ഫോർ റിസർച്ച് ഇൻ ഇൻഫെക്ഷ്യസ് ഡിസീസസ്, ഡബ്ലിനെയാണ് അഡ്വൈസർ ആയി നിയമിച്ചിട്ടുള്ളത്. |
| (ഇ) | ആലപ്പുഴയിലുള്ള നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ രോഗനിർണ്ണയത്തിനുള്ള എന്തെല്ലാം സൗകര്യങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ? | (ഡി) | ആലപ്പുഴയിലുള്ള നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ രോഗനിർണ്ണയത്തിനുള്ള സൗകര്യങ്ങൾ അനുബന്ധം II-ൽ കണ്ടാലും |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം I

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി പ്രവർത്തനസജ്ജമാക്കുവാൻ സ്വീകരിച്ച നടപടികൾ

തിരുവനന്തപുരത്ത് തോന്നയ്ക്കലിലെ ലൈഫ് സയൻസ് പാർക്കിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ട്. ഗ്ലോബൽ വൈറസ് നെറ്റ് വർക്ക് (GVN) എന്ന സംഘടനയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയ്ക്ക് അംഗത്വമെടുക്കുവാനുള്ള പ്രക്രിയകൾ ഗ്ലോബൽ വൈറസ് നെറ്റ് വർക്ക് (GVN)-ന്റെ പ്രസിഡന്റായ ഡോ.ക്രിസ്റ്റ്യൻ ബ്രെഷോയുടെ നിർദ്ദേശപ്രകാരം ആരംഭിച്ചിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിലെ അടിസ്ഥാന സൗകര്യങ്ങളും മാനവശേഷിയും അന്താരാഷ്ട്ര നിലവാരത്തിൽ സജ്ജമാക്കാൻ ചുമതലപ്പെട്ട എക്സ്പേർട്ട് അഡ്വൈസറി കമ്മിറ്റിയുടെ ഉപദേശാനുസരണം ഡയഗണോസ്റ്റിക് ഫെസിലിറ്റി (Diagnostic facility), അത്യാധുനിക രോഗ നിർണയത്തിനും രോഗാണുക്കളുടെ (വൈറസുകളെയും ബാക്ടീരിയകളെയും) ജനിതക ഘടനയിൽ അധിഷ്ഠിതമായ തിരിച്ചറിയലിനും ഉള്ള സജ്ജീകരണങ്ങൾ, വൈറസുകളുടെ ജനിതക ഘടന കണ്ടുപിടിക്കാനുള്ള നെക്സ്റ്റ് ജനറേഷൻ സീക്വൻസിങ് (Next Generation Sequencing) ഫെസിലിറ്റി എന്നിവ ഉൾപ്പെടുന്ന ഉപകരണങ്ങൾ വാങ്ങുന്നതിനും ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രഗത്ഭരായ വൈറോളജിസ്റ്റുകളെ കണ്ടെത്തി നിയമനം നടത്തുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിലേയ്ക്ക് ഉപകരണങ്ങളും അവശ്യസാധനങ്ങളും വാങ്ങുന്നതിനുള്ള ശുപാർശകൾ പരിശോധിച്ച് അംഗീകാരം നൽകുന്നതിലേക്കായി 05/09/2019 ലെ സർക്കാർ ഉത്തരവ് (കൈ) നം.21/2019/ശാ.സാ.വ. പ്രകാരം പർച്ചേസ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ ഭരണ നിർവ്വഹണ സമിതികളായ ഗവേണിംഗ് കൗൺസിൽ, റിസർച്ച് കൗൺസിൽ എന്നിവ രൂപീകരിക്കുന്നതിനായി സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. 30/05/2019 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നം.9/2019/ശാ.സ.വ പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ, സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഇൻ ചാർജ്ജ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സെക്ഷൻ ഓഫീസർ, ടെക്നിക്കൽ ഓഫീസർ (ഗ്രേഡ് II), ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II, ഓഫീസ് അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ് എന്നീ 7 തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. 31/05/2019 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നം.10/2019/ശാ.സാ.വ. പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിലെ സീനിയർ അഡ്വൈസറായി ഡോ.വില്യം ഡബ്ല്യു ഹാൾ, ഡയറക്ടർ, സെന്റർ ഫോർ റിസർച്ച് ഇൻ ഇൻഫെക്ഷ്യസ് ഡിസീസസ്, ഡബ്ലിൻ-നെ നിയമിച്ചിട്ടുണ്ട്. 14/06/2019 ലെ സർക്കാർ ഉത്തരവ് (കൈ) നം.12/2019/ശാസാവ പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിലെ ഡയറക്ടർ

തസ്തികയിലേക്ക് യോഗ്യനായ വ്യക്തിയെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള സെർച്ച് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ ശാസ്ത്ര/സാങ്കേതിക വിഭാഗത്തിലുള്ള 1 8 തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിഗണിച്ചു വരുന്നു.

Sd/-

## അനുബന്ധം II

## ആലപ്പുഴയിലുള്ള നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ രോഗനിർണ്ണയത്തിനുള്ള സൗകര്യങ്ങൾ

Facilities for three broad categories of diagnostic procedures for viral infections exist at National Institute of Virology, Kerala Unit, Alappuzha. These are (a) serology for detecting antibodies, (b) virus isolation and identification and (c) molecular diagnostic procedures. With these procedures it is capable of diagnosing infection with 33 viral pathogens and 2 non-viral pathogens. The list of viral and non-viral pathogens that can be diagnosed is given below.

| | |
|---|---|
| 1 Japanese Encephalitis | 19 Influenza A Pandamic H1 |
| 2 Dengue | 20 Influenza A Seasonal H1N1 |
| 3 West Nile Virus | 21 Influenza A H3N2 |
| 4 Chikungunya | 22 Parainfluenza 1 & 3 |
| 5 Herpes Simplex Virus 1 and 2 | 23 Human Corona Virus |
| 6 Human Papilloma Virus | 24 Respiratory Syncytial Virus A & B |
| 7 Rotavirus | 25 Mumps |
| 8 Hepatitis A | 26 Parvo Virus |
| 9 Hepatitis E | 27 Epstein Barr Virus |

| | |
|---|---|
| 10 Rubella | 28 Chandipura Virus |
| 11 Measles | 29 Ingwavuma virus |
| 12 Hepatitis B | 30 Kysanur Forest Disease |
| 13 Hepatitis C | 31 MERS corona virus |
| 14 Enteroviruses | 32 Nipah Virus |
| 15 Adenovirus | 33 Handan Virus |
| 16 Varicella Zoster Virus | **Non-Viral Pathogens** |
| 17 Cytomegalovirus | 34 Leptospira |
| 18 Influenza B | 35 Scrub typhus |